# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 4480** **21/3/2018-ൽ മറുപടിക്ക്**

## കോളറ രോഗം

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. എം. ഉമ്മർ** | **ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) സംസ്ഥാനത്ത് കോളറ രോഗം പടർന്നുപിടിക്കാൻ സാധ്യതയുണ്ടെന്ന വാർത്തകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | എ) പരിശോധിച്ചിട്ടുണ്ട്. ആരോഗ്യവകുപ്പിന്റെ അധീനതയിലുള്ള IDSP സെൽ മുഖേന ഇത്തരം വാർത്തകൾ പരിശോധിക്കുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യാറുണ്ട്. |
| ബി) എങ്കിൽ പ്രസ്തുത രോഗം വ്യാപകമാകുന്നത് തടയാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ; | ബി) ശരിയായ രീതിയിലുള്ള ബോധവൽക്കരണ പരിപാടികൾ (ഐ.ഇ.സി പ്രവർത്തനങ്ങൾ), തിളപ്പിച്ചാറ്റിയ വെള്ളം മാത്രം കുടിക്കാനുപയോഗിക്കുക, പാചകം ചെയ്ത ആഹാരസാധനങ്ങൾ എപ്പോഴും അടച്ച് സൂക്ഷിക്കുക, പഴകിയതും മലിനമായതുമായ ആഹാരം കഴിക്കാതിരിക്കുക, പഴവർഗ്ഗങ്ങളും, പച്ചക്കറികളും നല്ലവണ്ണം കഴുകിയതിനുശേഷം മാത്രം ഉപയോഗിക്കുക, വ്യക്തി ശുചിത്വവും, പരിസര ശുചിത്വവും പാലിക്കുക, കുടിവെള്ള കിണറുകൾ യഥാസമയം ക്ലോറിനേറ്റ് ചെയ്യുക, കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പുവരുത്തുന്നതിനു വേണ്ടി പരിശോധന നടത്തുക തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് ശരിയായ ബോധവൽക്കരണം പൊതുജനങ്ങളുടെ ഇടയ്ക്ക് നടത്തുന്നതിനോടൊപ്പം ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലത്ത് അവരുടേതായ ഭാഷയിൽ ബോധവൽക്കരണം നടത്തുകയും അതോടൊപ്പം തന്നെ കുടിവെള്ള ലഭ്യത ഉറപ്പാക്കുന്നതിനും, ആവശ്യമായ താമസ സൗകര്യവും, ശുചിമുറിയും ഇതരസംസ്ഥാന തൊഴിലാളികൾക്ക് ഉറപ്പാക്കുന്നതിനും വേണ്ടി തദ്ദേശസ്വയംഭരണ വകുപ്പ് വേണ്ട പദ്ധതികൾ ആവിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുകയും ചെയ്യുന്നുണ്ട്<br>കുടിവെള്ളത്തിന്റെ ശുദ്ധത ഉറപ്പാക്കുന്നതിന് ക്ലോറിനേഷൻ, ഗുണമേന്മ പരിശോധിക്കുന്നതിനും പൈപ്പിന്റെ അറ്റകുറ്റ-പണികൾ നടത്തുന്നതിനും വാട്ടർ |

അതോറിറ്റിയുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്കൂളുകളിൽ Hand Washing Technique, വ്യക്തിശുചിത്വം, പരിസര ശുചിത്വം, എന്നിവയെക്കുറിച്ചുള്ള ബോധവൽക്കരണവും സ്കൂൾ അസംബ്ലിയിൽ പ്രതിജ്ഞയും നടത്തിവരുന്നു.

**സി)** അന്യസംസ്ഥാന തൊഴിലാളികളിൽ നിന്നാണ് രോഗം പടരുന്നതെന്ന വിഷയം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

**സി)** പരിശോധിച്ചിട്ടുണ്ട്. ഈ വർഷം റിപ്പോർട്ട് ചെയ്ത 5 കോളറ കേസുകളിൽ 4 എണ്ണവും ഇതര സംസ്ഥാന തൊഴിലാളികളിൽ ആണ്.

**ഡി)** എങ്കിൽ അതിർത്തികളിൽ തന്നെ പരിശോധന കേന്ദ്രങ്ങൾ സ്ഥാപിച്ച് രോഗം തടയുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

**ഡി)** ബീഹാർ, ആസ്സാം, വെസ്റ്റ് ബംഗാൾ, ഒറീസ്സ തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നും ദിവസങ്ങൾ യാത്ര ചെയ്ത് കേരളത്തിൽ എത്തുന്ന തൊഴിലാളികൾക്ക് അവരുടെ നാട്ടിൽ നിന്നോ, യാത്രാവേളകളിൽ നിന്നോ എവിടെ നിന്നാണ് രോഗബാധിതർ ആകുന്നതെന്ന് വ്യക്തമായി പറയാൻ സാധിക്കുന്നില്ല.

യാത്രാവേളകളിൽ ആഹാര ശുചിത്വം, കുടിവെള്ള ശുചിത്വം, വ്യക്തി ശുചിത്വം എന്നിവയെക്കുറിച്ച് അവരെ ബോധവാന്മാരാക്കുകയും കേരളത്തിൽ എത്തിച്ചേർന്നിട്ട് രോഗലക്ഷണങ്ങൾ പ്രത്യക്ഷപ്പെട്ടാൽ ഉടനെതന്നെ അവരുടെ 'stool sample' പരിശോധിച്ച് രോഗനിർണ്ണയം നടത്തി യഥാസമയം ചികിത്സയും, തുടർന്ന് പ്രതിരോധ നടപടികളും സ്വീകരിച്ചുവരുന്നു. അതിർത്തികളിൽ ഉള്ള ആരോഗ്യ സ്ഥാപനങ്ങളിൽ രോഗനിർണ്ണയം നടത്തുന്നതിനും ചികിത്സ നൽകുന്നതിനുമുള്ള സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമാണ്.

**സെക്ഷൻ ഓഫീസർ**